ഉണ്ടാക്കുന്നതിന് ഞാൻ നേരിട്ട് അതിന്റെ ഉത്തരവാദിത്വം എറ്റെടുക്കാൻ തയ്യാറാണ്. ജില്ലാ തലത്തിൽ കളക്ടർ ചെയർമാനായി ഒരു മോണിറ്ററിംഗ് കമ്മിറ്റി, ഓരോ ജില്ലയിലേയും ലീഡ് ബാങ്കിന്റെ പ്രതിനിധിയേയും വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥന്മാരേയും കൂട്ടിയിട്ടുള്ള ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ആ ജില്ലാ മോണിറ്ററിംഗ് കമ്മിറ്റിയിൽ എം.എൽ.എ.-മാരെക്കൂടി വിളിക്കാൻ പറയാം. സെൽഫ് ഫിനാൻസിംഗ് കോളേജുകൾ വന്ന സ്ഥിതിക്ക് വിദ്യാഭ്യാസം ഇന്ന് കോസ്റ്റ്ലിയാണ്. പക്ഷേ പണമില്ല എന്നതിന്റെ പേരിൽ പഠിക്കാൻ സമർത്ഥരായ കുട്ടികൾക്ക് ഗവണ്മെന്റ് മെറിറ്റ് സീറ്റിൽ പ്രവേശനം കിട്ടുന്നില്ലെങ്കിലും പഠിക്കുന്നതിനുള്ള അവസരം ഉണ്ടാകണം. അതിനുവേണ്ടി എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കും. ബാങ്കിന്റെ ഭാഗത്തു നിന്ന് എന്തെങ്കിലും വീഴ്ച വന്നിട്ടുണ്ടെങ്കിൽ ഗവണ്മെന്റ് ക്ലോസ്സായി മോണിറ്റർ ചെയ്യും. ഈ കാര്യത്തിൽ എല്ലാ എം.എൽ.എ-മാരും പ്രത്യേകമായി ശ്രദ്ധിക്കണമെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, റിസർവ്വ് ബാങ്കിന്റെ ഇപ്പോഴത്തെ നിർദ്ദേശത്തിൽ ബാങ്കുകാർ സ്വാശ്രയ കോളേജുകളിലെ മെറിറ്റ് സീറ്റുപോലും എടുക്കുന്നില്ല. കാരണം താഴെ റാങ്ക് വരുന്നു എന്നുള്ളതാണ്. അതുകൊണ്ട് സ്വാശ്രയ കോളേജിലെ മെറിറ്റ് സീറ്റിൽ, അതായത് കമ്മിഷണർ ഓഫ് എക്സാമിനേഷൻ അയച്ച കടലാസ് ചൂണ്ടിക്കാണിച്ച് ഞങ്ങൾ മെറിറ്റ് ലിസ്റ്റിലാണെന്നും ഇത് കോളേജിൽ കിട്ടിയതാണെന്ന് പറഞ്ഞിട്ടും അത് സ്വാശ്രയ കോളേജായതുകൊണ്ട് മെറിറ്റ് സീറ്റായാലും പറ്റില്ല എന്നാണ് ബാങ്കുകാർ പറയുന്നത്. ഒരുദാഹരണം ഞാൻ പറയാം. ഇതിൽ കാനറാ ബാങ്കാണ് മുഖം തിരിച്ചു നിൽക്കുന്നത്. എച്ച്.ഡി.എഫ്.സി., ഐ..സി.ഐ.സി.ഐ. എന്നിങ്ങനെയുള്ള ബാങ്കുകളൊന്നും ലോൺ കൊടുക്കുന്നില്ല. ഇത് സഭയിൽ എല്ലാവർക്കും താൽപ്പര്യമുള്ള വിഷയമാണ്. അതുകൊണ്ടാണ് പറയുന്നത്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഈ പ്രശ്നം അങ്ങു പറഞ്ഞത് നന്നായി. പ്രൈവറ്റ് ബാങ്കിന്റെ ആളുകളുമായി സംസാരിച്ചിട്ടില്ല. പക്ഷേ സ്വാശ്രയ കോളേജിലെ കുട്ടികൾക്കും ലോൺ കിട്ടാൻ അർഹതയുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ആ പേര് ഇന്ന് എന്റെ കയ്യിൽ കിട്ടിയാൽ ഇന്നുച്ചയ്ക്കുമുമ്പുതന്നെ ലോൺ സാംഗ്ഷനാക്കിത്തരും.

(18) ഒറ്റപ്പാലം പനമണ്ണ കോലോത്തുപറമ്പിൽ ശിവശങ്കരൻ നായരുടെയും ഭാര്യയുടെയും കൊലപാതകം സംബന്ധിച്ച്

ശ്രീ. വി. സി. കബീർ: സർ, ഒറ്റപ്പാലത്തെ പനമണ്ണ കോലോത്തുപറമ്പിൽ ആലങ്ങാട്ടിൽ ശിവശങ്കരൻ നായർ 69 വയസ്, ഭാര്യ അമ്മാളുക്കുട്ടിയമ്മ 60 വയസ്

LIBRARY ARCHIVES Kerala Legislative Assembly

എന്നിവരെ 5-8-2005-ന് ദാരുണമാംവിധം കൊലചെയ്യപ്പെട്ട നിലയിൽ കണ്ടെത്തിയിരുന്നു. അവരുടെ മക്കളെല്ലാം വിദേശത്താണ്. ഇവർ ഒരു ഒറ്റപ്പെട്ട വീട്ടിലാണ്. നല്ല മഴയുള്ള ദിവസമാണ് കൊലചെയ്യപ്പെട്ടതെന്ന് കരുതുന്നു. അവിടെ പോലീസുകാരും പോലീസ് നായയും വട്ടംചുറ്റി ഓടുന്നുണ്ടെങ്കിലും ഇത്രയും ദിവസമായിട്ടും ഒറ്റയാളേയും പിടിച്ചിട്ടില്ല. അതുകൊണ്ട് കേസ് ശക്തിപ്പെടുത്തുകയും കുറ്റവാളികളെ അറസ്റ്റുചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണം. അതിനായി ഈ കേസ് ക്രൈംബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):* സർ, ഇവിടെ ബഹുമാന്യനായ വി. സി. കബീർ പറഞ്ഞ കാര്യം ഗവൺമെന്റ് പ്രത്യേകമായി അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. ആ നാടിനെയാകെ ഞെട്ടിപ്പിച്ച സംഭവമാണ്. ശിവശങ്കരൻ നായരും അദ്ദേഹത്തിന്റെ ഭാര്യ അമ്മാളുക്കുട്ടിയമ്മയും കൊല്ലപ്പെട്ടു. അതുസംബന്ധിച്ച് ഉയർന്ന ഉദ്യോഗസ്ഥന്മാരായ എസ്.പി.യും ഡി.ഐ.ജി.യും അവിടെ പോയി നേരിട്ട് ഈ അന്വേഷണത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തിട്ടുണ്ട്. സയന്റിഫിക് വിദഗ്ദ്ധന്മാർ, വിരലടയാള വിദഗ്ദ്ധന്മാർ എന്നിവരൊക്കെ എത്തി തെളിവുകൾ ശേഖരിച്ചിട്ടുള്ളതും പോലീസ് നായയുടെ സേവനം പ്രയോജനപ്പെടുത്തിയിട്ടുള്ളതുമാണ്. അന്വേഷണം വളരെ ശക്തമായി നടക്കുന്നുണ്ടെങ്കിലും ഇതുവരെ വ്യക്തമായ സൂചനകളൊന്നും കിട്ടിയിട്ടില്ല. വളരെ വ്യക്തമായ അന്വേഷണം നടത്തി കുറ്റവാളികളെ എങ്ങനേയും കണ്ടുപിടിക്കുന്നതിനുള്ള നടപടികളുമായി മുമ്പോട്ടു നീങ്ങുകയാണെന്ന് അങ്ങേക്ക് ഉറപ്പുനൽകുന്നു.

(19) പ്രൈമറി/എയ്ഡഡ് സ്കൂൾ അധ്യാപകരുടെ സമരം

ശ്രീ. ടി. എൻ. പ്രതാപൻ: സർ, സംസ്ഥാനത്തെ പ്രൈമറി/എയ്ഡഡ് സ്കൂൾ അധ്യാപകർ ഇന്ന് കേരള വ്യാപകമായി സമരം നടത്തുകയാണ്. നമ്മുടെ സെക്രട്ടേറിയറ്റിനുമുമ്പിൽ കെ.എ.പി.ടി. യൂണിയന്റെ സംസ്ഥാന ഭാരവാഹികൾ നിരാഹാര സമരവും എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും സായാഹ്ന ധർണ്ണയും നടത്തുകയാണ്. ഇവരുടെ പ്രധാനമായ ആവശ്യം ഒന്ന്, ഈ കഴിഞ്ഞ വർഷം വരെ അധ്യാപകരുടെ തൊഴിൽ നഷ്ടപ്പെടാതിരിക്കുന്നതിനുവേണ്ടി അധ്യാപക വിദ്യാർത്ഥി അനുപാതം 1:40 എന്ന ക്രമത്തിലാണ് നടപ്പിലാക്കിക്കൊണ്ടിരുന്നത്. ഇപ്പോൾ ഈ അധ്യയന വർഷം മുതൽ അത് നടപ്പിലാക്കേണ്ടതില്ലെന്ന് ഉത്തരവിറങ്ങിയിരിക്കുകയാണ്. ഇതുമൂലം സംസ്ഥാനത്തെ നിരവധി അധ്യാപകരുടെ തൊഴിൽ നഷ്ടപ്പെടുകയാണ്. ഇത് കണക്കിലെടുത്തുകൊണ്ട് അധ്യാപക വിദ്യാർത്ഥി അനുപാതം ഈ വർഷംകൂടി 1:40 എന്ന രീതിയിലാക്കണമെന്നുള്ളതാണ് കെ.എ.പി.ടി. യൂണിയന്റെ ഇന്നത്തെ സംസ്ഥാന വ്യാപകമായിട്ടുള്ള സമരത്തിന്റെ പ്രധാനപ്പെട്ട ആവശ്യം. അതുപോലെതന്നെ

LIBRARY ARCHIVES Kerala Legislative Assembly